PF GI1/51412/15/DPI

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,16/12/2015

# സർക്കുലർ

**വിഷയം** : GAINPF – കെ.എ.എസ്.ഇ.പി.എഫ് അക്കൗണ്ടുകൾ അപ്പ്ഡേറ്റ് ചെയ്യുന്നത് സംബന്ധിച്ച്-

**സൂചന** : 15/12/2015 ലെ ധനകാര്യ വകുപ്പിന്റെ റിവ്യു മീറ്റിംഗ്

GAINPF ഇംപ്ളിമെന്റ് ചെയ്യുന്നതിന്റെ ഭാഗമായി 2016 ജനുവരി ഒന്നു മുതൽ എല്ലാ കെ.എ.എസ്.ഇ.പി. എഫ് അക്കൗണ്ടുകളും ഓൺലൈൻ സംവിധാനത്തിലാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതിന്റെ ആദ്യപടിയായ കെ.എ.എസ്.ഇ.പി.എഫ് അക്കൗണ്ടുകൾ അപ്പ്ഡേറ്റ് ചെയ്യുന്ന ജോലി ഏകദേശം പൂർത്തിയായതായി കാണുന്നു. ഇനി ഏതെങ്കിലും അക്കൗണ്ടുകൾ മിസിംഗ് ഉണ്ടെങ്കിൽ ആ വിവരം ഈ ഓഫീസിലേക്ക് ഇ മെയിലായി ഉടനേ അറിയിക്കണം.

2016 ജനുവരി മുതൽ പി.എഫ് ഷെഡ്യൂളുകൾ ഓൺലൈൻ സംവിധാനത്തിലൂടെ **GAINPF** സൈറ്റിലെത്തും. ഇതിനായി **21/12/ 2015**-ഓടെ പ്രസ്തുത സൈറ്റിൽ നിലനില്ക്കുന്ന അക്കൗണ്ട് നമ്പരുകൾ സ്പാർക്കിലേക്ക് അപ്ഡേറ്റ് ചെയ്യും. പിന്നീട് ഈ അക്കൗണ്ട് നമ്പരുകളിൽ മാറ്റംവരുത്താൻ സാധിക്കുന്നതല്ല. നിലവിൽ അടച്ച കെ.എ.എസ്.ഇ.പി.എഫ് അക്കൗണ്ടുമായി ബന്ധപ്പെട്ട എല്ലാ തുകകളും ക്രെഡിറ്റാവുന്നത് ഈ അക്കൗണ്ടിലേക്കായിരിക്കും. അതിനാൽ **19 /12/ 2015** ന് മുമ്പ് സൈറ്റിലുള്ള എല്ലാ അക്കൗണ്ടുകളും ഒന്നുകൂടി വേരിഫൈ ചെയ്യണം. അതിന് അതത് സ്കൂളിലെ പ്രധാന അദ്ധ്യാപകർ കെ.എ.എസ്.ഇ.പി.എഫ് അക്കൗണ്ട് നമ്പരുകൾ താഴെ പറയും പ്രകാരം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഗെയിൻ പി.എഫ്

സൈറ്റിലുള്ള അക്കൗണ്ട് നമ്പരും അതത് സർവീസ് ബുക്കി ലുള്ള അക്കൗണ്ട് നമ്പരും ഒന്നു തന്നെയാണോയെന്നാണ് ഉറപ്പുവരുത്തേണ്ടത്.അതിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ അക്കാര്യം **19 /12/ 2015** ന് മുമ്പ് തന്നെ ബന്ധപ്പെട്ട എ.പി.എഫ് .ഒമാരെ അറിയിക്കേണ്ടതും ആ വിവരം അന്ന് തന്നെ എ. പി.എഫ് .ഒമാർ ഈ ഓഫീസിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതുമാണ്.

തുടർന്നും പി.എഫ് അക്കൗണ്ടുകളിൽ എന്തെങ്കിലും പിശക് കണ്ടാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം പ്രധാന അദ്ധ്യാപകനായിരിക്കും.

പ്രധാന അദ്ധ്യാപകർ താഴേ പറയും വിധം അക്കൗണ്ടുകൾ പരി ശോധിക്കണം : gainpf.kerala.gov.in എന്ന സൈറ്റ് ഓപ്പൺ ചെയ്ത് view your account number എന്ന ഓപ്ഷനിൽ ക്ളിക്ക് ചെയ്യുക. തുടർന്ന് ഓരോ പി.എഫ് വരിക്കാരന്റെയും PEN നമ്പർ യൂസർ ID ആയും ജനന തീയതി Password ആയും Log in ചെയ്യുക. അപ്പോൾ കാണുന്ന കെ. എസ്. എ. പി. എഫ് അക്കൗണ്ട് നമ്പർ തന്നെയാണോ സർവീസ് ബുക്കിലുള്ളതെന്ന് പരിശോധിക്കുക. മുകളിൽ സൂചിപ്പിച്ച പ്രകാരം 19 /12/ 2015 ന് മുമ്പായി ചെയ്തു തീർക്കുന്നതിന് എല്ലാ സ്കൂൾ പ്രധാന അദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിരിക്കണം.

വിശ്വസ്തതയോടെ

അക്കൗണ്ട്സ് ഓഫീസർ (പി.എഫ്)

To

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ , അസി: പ്രോവിഡന്റ് ഫണ്ട് ഓഫീസർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വി ദ്യാഭ്യാസ ഓഫീസർമാർ